സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ വിതരണത്തിലെ ക്രമക്കേട്

54(1108) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണ വിതരണ പരിപാടിയുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നൂൺമീൽ ഓഫീസർമാരെ നിയമിച്ചശേഷം ഓരോ ഉപജില്ലയിലും എത്ര വീതം വിദ്യാലയങ്ങളിൽ പരിശോധനകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നൂൺമീൽ ഓഫീസർമാരുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ എത്ര ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടെന്നും ഇവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ) നൂൺമീൽ ഓഫീസർമാരെ നിയമിച്ചശേഷം ഓരോ ഉപജില്ലയിലും പരിശോധന നടത്തിയ വിദ്യാലയങ്ങളുടെ എണ്ണം ജില്ലാ അടിസ്ഥാനത്തിൽ അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) നൂൺമീൽ ഓഫീസർമാരുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു.*

ഇടുക്കി നിയോജക മണ്ഡലത്തിലെ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

55(1109) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുതകുന്ന എന്തെല്ലാം കാര്യങ്ങൾ ഇടുക്കി നിയോജക മണ്ഡലത്തിൽ നടപ്പിൽ വരുത്തിയെന്ന് വ്യക്തമാക്കുമോ;

(ബി) ഇടുക്കി നിയോജക മണ്ഡലത്തിൽ നിർമ്മിച്ച കെട്ടിടങ്ങളുടെയും ആയതിലേക്ക് ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly